File No.DT/419/2020-G3

"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 30/01/2020

നമ്പർ: DT/419/2020-G3

## വിജ്ഞാപനം

വിഷയം:-

വ്യാവസായിക പരിശീലന വകുപ്പ് - എസ്.സി.വി.റ്റി ട്രേഡ്ടെസ്റ്റ് (സെമസ്റ്റർ/വാർഷിക സമ്പ്രദായം) ജൂലൈ 2019 - റീ-കൗണ്ടിംഗിനുള്ള അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

2019 ഒക്ടോബർ മാസം നടന്ന എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റിൽ (വാർഷികം/സെമസ്റ്റർ സമ്പ്രദായം) പങ്കെടുത്ത ട്രെയിനികൾക്ക് എഞ്ചിനിയറിംഗ് ഡ്രായിംഗ് വിഷയത്തിന് ലഭിച്ചിട്ടുള്ള മാർക്കിന്മേൽ റീ-കൗണ്ടിംഗ് വേണമെന്നുണ്ടെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ ക്ഷണിക്കുന്നു. (അപേക്ഷ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു) പൂരിപ്പിച്ച അപേക്ഷ ഒറിജിനൽ ചെലാൻ രസീത് സഹിതം 07-02-2020 ന് 5 പി.എം-ന് മുൻപ് ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാളിന് നൽകേണ്ടതാണ് .പ്രിൻസിപ്പാൾമാർ പ്രസ്തുത അപേക്ഷ 12-02-2020 ന് 5 പി.എം-ന് മുമ്പായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കണം. പരാജയപ്പെട്ട പേപ്പർ റീകൗണ്ട് ചെയ്യുന്നതിന് 30/- രൂപയും വിജയിച്ച പേപ്പർ റീകൗണ്ട് ചെയ്യുന്നതിന് 60/- രൂപയും '0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്' എന്ന ശീർഷകത്തിൽ ഫീസിനത്തിൽ ഒടുക്കേണ്ടതാണ്. മതിയായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതോ, ഒറിജിനൽ ചെലാൻ രസീത് ഉൾക്കൊളളിച്ചിട്ടില്ലാത്തതോ, അവസാന തീയതിക്കുശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ റീ-കൗണ്ടിംഗിന് പരിഗണിക്കുന്നതല്ല.

റീ-കൗണ്ടിംഗിനുശേഷം അപേക്ഷകരായ ട്രെയിനികളുടെ റിസൽട്ടിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത വിവരം ട്രെയിനിയെ നേരിട്ട് അറിയിക്കുന്നതാണ്. റീ-കൗണ്ടിംഗ് റിസൽട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയത് ഫെബ്രുവരി 2020 എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റിന് അപേക്ഷിക്കാതിരിക്കുന്നതിന് കരണമാക്കാവുന്നതല്ല .

(sd/-)
**MADHAVAN P K, ADT DTTVPM, O/O ADT DTTVPM**
അഡിഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ഉള്ളടക്കം:- അപേക്ഷാഫോറം

// ശരിപകർപ്പ് //

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ് (i/c)

## എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ് ജൂലൈ 2019 (സെമസ്റ്റർ/വാർഷിക സമ്പ്രദായം)

## റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്നതിനുള്ള ഫോറം

1. അപേക്ഷകന്റെ പേരും തപാൽ വിലാസവും :
   (പിൻകോഡ് സഹിതം)
2. ട്രേഡ് :
3. സെമസ്റ്റർ/വർഷം ;
4. റോൾ നമ്പർ :
5. ഐ.ടി.ഐ യുടെ പേര് :
6. ഈ പരീക്ഷയിൽ ജയിച്ചോ/തോറ്റോ
7. റീ-കൗണ്ടിംഗിനായി ഫീസ് ഒടുക്കിയതിന്റെ വിശദവിവരം

   ചെലാൻ നമ്പർ :

   തീയതി :

   തുക :

   ട്രഷറിയുടെ പേര് :

### പ്രതിജ്ഞ

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. അപേക്ഷയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമോ, അപേക്ഷ നൽകിയിട്ടുള്ളത് നിർദ്ദേശങ്ങൾക്ക് അനുസൃതമോ അല്ലെങ്കിൽ ഈ അപേക്ഷ നിരസിക്കുന്നതിന് എനിക്ക് സമ്മതമാണ്.

അപേക്ഷകന്റെ ഒപ്പ്

### പ്രതിജ്ഞ

.....................................................എന്ന ട്രെയിനി എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ് ജൂലൈ 2019 ൽ ..............................................................................................ഐ.റ്റി.ഐൽ നിന്നും ..........................................ട്രേഡിൽ.................................സെമസ്റ്റർ/വർഷം പരീക്ഷ എഴുതിയ ട്രെയിനിയാണ്. ടി ട്രെയിനിയുടെ മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഐ.ടി.ഐ. പ്രിൻസിപ്പാൾ

സ്ഥലം :

തീയതി : സീൽ